പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 579 26.04.2017-ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്-കാഷ്യർ നിയമനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ജില്ലാ സഹകരണ ബാങ്കുകളിൽ പുതിയ ശാഖകൾ തുടങ്ങുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിൽ നിരോധനമുണ്ടോ; | (എ) | ജില്ലാ സഹകരണ ബാങ്കുകളിൽ പുതിയ ശാഖകൾ തുടങ്ങുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിൽ നിയന്ത്രണമുണ്ട്. നിലവിലുള്ള ഒഴിവുകളിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | പി. എസ്. സി. മുഖേന 2017 ജനുവരിയിൽ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലേക്ക് ക്ലാർക്ക്-കാഷ്യർ തസ്തികകളിലേക്കായി 6000 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (ബി) | തൃശ്ശൂർ ജില്ലയിൽ 2016-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. മറ്റ് 13 ജില്ലകളിൽ 2017 ജനുവരിയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഉദ്യോഗാർത്ഥികൾക്ക് നിയമനം ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുവാനുദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ? | (ഡി) | നിലവിലുള്ള ഒഴിവുകൾ എല്ലാം തന്നെ അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ